بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്ബ്ബ**

**സംഗ്രഹം**

**05-12-2025**

# കഅബ് ബ്നു മാലിക്കി(റ)ന്റെ തൗബ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മുൻഖുത്ബയിൽ, ഗസ്‌വ തബൂക്കിൽ നിന്ന് വിട്ടുനിന്ന ഹദ്‌റത്ത് കഅ്ബ് ബിൻ മാലിക്(റ) നെയും മറ്റ് സ്വഹാബികളെക്കുറിച്ചും അക്കാരണത്താൽ നബിതിരുമേനി (സ) അവരോട് പ്രകടിപ്പിച്ച അതൃപ്തിയെക്കുറിച്ചും വിവരിക്കുകയുണ്ടായി. ഇതേക്കുറിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദും(റ) വിവരിക്കുകയും ഈ വിഷയത്തിന്റെ വെളിച്ചത്തിൽ ജമാഅത്തിന് ഉപദേശം നല്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഹദീഥുകളിൽ വന്നിട്ടുള്ളത് ഈ യുദ്ധത്തിൽ മൂന്ന് സത്യവിശ്വാസികൾ പങ്കെടുത്തിരുന്നില്ലെന്നും റസൂൽ കരീം (സ) അവരുമായി ബന്ധം വിച്ഛേദിക്കാൻ കല്പിച്ചപ്പോൾ മദീനയിലെ കപടവിശ്വാസികൾക്കുപോലും അവരോട് സംസാരിക്കാൻ ധൈര്യപ്പെട്ടില്ലെന്നുമാണ്.

അദ്ദേഹം പറയുന്നു: ഖാദിയാനിൽ ഞാൻ കണ്ടിട്ടുണ്ട്. (ഇത് 1936ലെ കാര്യമാണ്, ശിക്ഷയെന്നൊണം) സംസാരം വിലക്കപ്പെട്ട ആളുകൾ അയൽപക്കങ്ങളിലെ അഹ്മദികളുടെ വീടുകളിലേക്ക് പോലും പോകുന്നു. അയൽപക്കത്തുള്ളവർ ഉറങ്ങുകയാണോ എന്ന് അറിയില്ല, അവർക്ക് അത് അറിയുന്നതേയില്ല. അന്ന് ചില ഫിത്നകൾ (കുഴപ്പങ്ങൾ) ഉടലെടുത്തിരുന്നു. അത് കാരണമാണ് അദ്ദേഹത്തിന് ഇങ്ങനെ പറയേണ്ടിവന്നത്. ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരിടത്ത് പറയുന്നു: കഅ്ബ് ബിൻ മാലിക്കിന്റെ സംഭവം എത്ര ഗുണപാഠമുള്ളതാണ്! അദ്ദേഹം എല്ലാ യുദ്ധങ്ങളിലും നബിതിരുമേനി(സ)യുടെ കൂടെയുണ്ടായിരുന്നു, മക്കാവിജയ സമയത്തും ഒപ്പമുണ്ടായിരുന്നു. എന്നാൽ തബൂക്ക് യുദ്ധത്തിൽ മടി കാരണം പിന്നോട്ടായി. നബികരീം (സ) അദ്ദേഹത്തിന് കഠിനമായ ശിക്ഷനല്കി. എന്നാൽ ഇന്നത്തെ ആളുകളുടെ കാര്യം നോക്കുക. (അന്ന് ജമാഅത്തിലെ അവസ്ഥ അതായിരുന്നു): ചോദ്യംചെയ്യപ്പെടുകയോ വിശദീകരണം ആവശ്യപ്പെടുകയോ ചെയ്താൽ ഞങ്ങളുടെ സേവനങ്ങൾ പരിഗണിച്ചില്ല, ഞങ്ങളെ വിലമതിച്ചില്ല എന്നൊക്കെയാണ് അവരുടെ പ്രതികരണം.. ഓർക്കുക, സംവിധാനം വേറെ പ്രവർത്തനങ്ങൾ വേറെ. സംവിധാനം നിലനിർത്താൻവെണ്ടി തെറ്റുചെയ്തത് ആരുതന്നെയയാലും അവരോട് ചോദിക്കപ്പെടും. അതുകൊണ്ട്, നിങ്ങൾക്ക് പ്രശംസ കിട്ടാൻ വേണ്ടിയല്ല മറിച്ച് പിശാചിനെ അകറ്റാൻ വേണ്ടി ദൈവിക കല്പനയുടെ കീഴിൽ ദീനിന് വേണ്ടി പരിശ്രമിക്കുക. പ്രവർത്തിച്ച

തിന് ശേഷം ഞങ്ങളുടെ തെറ്റുകൾ ചോദ്യം ചെയ്യപ്പെടില്ല എന്ന് കരുതരുത്. അല്ലാഹുവിനോട് ഔദാര്യം ചെയ്തെന്ന് നടിക്കരുത്. മന്നൻ വ അദൻ (ഔദാര്യം ചെയ്തത് എടുത്തു പറഞ്ഞ് ഉപദ്രവിക്കുക) എന്ന സമീപനം അരുത്. എല്ലാ വഴികളിലൂടെയും ഇസ്‌ലാമിനെ സേവിക്കുക. ഔദാര്യം കാണിക്കുകയല്ല മറിച്ച് സേവനം ചെയ്യുകയാണ് വേണ്ടത്. അല്ലാഹുവിനെ തൃപ്തിപ്പെടുത്താനുള്ള മനോഭാവമാണാവശ്യം.

തബൂക്ക് യുദ്ധത്തിന്റെ യാത്ര എത്രമാത്രം തന്ത്രപരവും അനുഗൃഹീതവുമായിരുന്നെന്നാൽ അതുമുഖേന അറബ് മേഖലയിലെല്ലാം മുസ്‌ലീങ്ങൾക്ക് ശക്തമായ ആധിപത്യം ലഭിച്ചു. കുറഞ്ഞ സമയം കൊണ്ട് അറേബ്യയിലെങ്ങും ഇസ്‌ലാമിന്റെ പതാക പാറിപ്പറന്നു. ഇതേക്കുറിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിക്കുന്നു: തബൂക്കിൽ നിന്ന് തിരിച്ചുവന്ന ശേഷം ത്വാഇഫിലെ ആളുകളും വന്ന് വിധേയത്വം അംഗീകരിച്ചു. അറേബ്യയിലെ ഗോത്രങ്ങൾ ക്രമേണ ഇസ്‌ലാമിക ഭരണകൂടത്തിൽ പ്രവേശിക്കാൻ അനുമതി ചോദിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ അറബ് രാജ്യമെങ്ങും ഇസ്‌ലാമിന്റെ വെന്നിക്കൊടി പാറിപ്പറന്നു.

തബൂക്കിൽ നിന്നു തിരിച്ചുവന്ന ശേഷം ഒരു സൈനിക നീക്കം നടന്നിരുന്നു, അത് സരിയ്യഃ ഹദ്‌റത്ത് ഖാലിദ് ബ്നു വലീദ് (റ) എന്നറിയപ്പെടുന്നു. അത് നജ്റാനിലെ ബനൂ ഹാരിസ് ബ്നു കഅ്ബിലെ ബനൂ അബ്ദുൽ മദാൻ എന്ന ഗോത്രത്തിനെതിരെയായിരുന്നു. ഇബ്നു സഅദിന്റെ നിവേദനമനുസരിച്ച് ഈ സരിയ്യ ഹിജ്റ 10ാം വർഷം റബീഉൽ അവ്വലിലാണ് നടന്നത്. ശത്രുക്കളെ ആദ്യം മൂന്ന് തവണ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ നബി കരീം (സ) ഹദ്‌റത്ത് ഖാലിദ് (റ) നോട് കല്പിച്ചു. അവർ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ നല്ലത്. അല്ലെങ്കിൽ യുദ്ധം ചെയ്യുക. അപ്രകാരംതന്നെ ഹദ്‌റത്ത് ഖാലിദ് (റ) പ്രവർത്തിക്കുകയും അവരെല്ലാം മുസ്‌ലീങ്ങളായി മാറുകയും ചെയ്തു.

തദനന്തരം ഹദ്‌റത്ത് ഖാലിദ്(റ) നബിതിരുമേനി(സ)യുടെ സന്നിധിയിലേക്ക് ഒരു കത്ത് അയച്ചു. അതിൽ ഇങ്ങനെ എഴുതിയിരുന്നു: അങ്ങ് കല്പിച്ച പ്രകാരം ഞാൻ അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ അവർ ഇസ്‌ലാം സ്വീകരിച്ചു. ഇപ്പോൾ ഞാൻ അവരോടൊപ്പം താമസിക്കുകയും ദീനിന്റെ കല്പനകളും വിലക്കുകളും നിയമങ്ങളും അവർക്ക് പഠിപ്പിക്കുകയും ചെയ്യുന്നു. ഇനി അങ്ങയുടെ ഭാഗത്ത് നിന്ന് എന്ത് കല്പനയാണോ വരുന്നത്. അതനുസരിച്ച് ഞാൻ പ്രവർത്തിക്കും. ഈ കത്തിന് മറുപടിയായി ഹദ്‌റത്ത് റസൂലുല്ലാഹ്(സ) ഇപ്രകാരം പറഞ്ഞു: താങ്കളുടെ കത്തിൽ നിന്നും ബനൂ ഹാരിസ് ഇസ്‌ലാം സ്വീകരിച്ചുവെന്നു മനസ്സിലായി. അതിനാൽ താങ്കൾ അവർക്ക് അല്ലാഹുവിന്റെ പ്രതിഫലത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുകയും, അല്ലാഹുവിന്റെ ശിക്ഷയെത്തൊട്ട് ഭയപ്പെടുത്തുകയും ചെയ്യുക. അവരുടെ കൂട്ടത്തിൽ നിന്ന് കുറച്ച് പേരെയും കൂട്ടി താങ്കൾ എന്റെ അടുക്കൽ ഹാജരാകുക. ഹദ്‌റത്ത് ഖാലിദ് (റ) ബനൂ ഹാരിസിലെ ചില വ്യക്തികളെയും കൂട്ടി റസൂലുല്ലാഹി (സ) യുടെ സന്നിധിയിൽ ഹാജരായി.

നബിതിരുമേനി(സ) ബനൂ ഹാരിഥിന്റെ അമീർ (സൈന്യാധിപൻ) ആയി ഖൈസ് ബിൻ ഹുസൈനെ നിയമിക്കുകയും ശവ്വാൽ അവസാനത്തിലോ ദുൽഖഅദയുടെ തുടക്കത്തിലോ അവരെ യാത്രയാക്കുകയും ചെയ്തു. അവർ തങ്ങളുടെ ഗോത്രത്തിൽ എത്തി നാല് മാസം കഴിഞ്ഞപ്പോഴാണ് റസൂൽ (സ) വഫാത്തായത്. തിരുമേനിയുടെ അവസാനത്തെ യുദ്ധം ഗസ്‌വ തബൂക്ക് ആയിരുന്നു, അവിടുന്ന് അയച്ച അവസാനത്തെ സൈന്യം അല്ലെങ്കിൽ സൈനികനീക്കം ഉസാമയുടെ സൈന്യം ആയിരുന്നു. ഉസാമയുടെ സൈന്യത്തിന് മുമ്പുപോയ സൈന്യത്തെകുറിച്ച്ബുഖാരിയുടെ ഒരു റിപ്പോർട്ടിൽ അനസ് ബ്നു മാലിക്(റ) നിവേദനം ചെയ്യുന്നു: നബികരീം(സ) ജനങ്ങൾക്ക് സൈദ്, ജഅ്ഫർ, അബ്ദുല്ലാഹിബ്നു റവാഹ എന്നിവരുടെ ശഹാദത്തിനെ കുറിച്ച് (അല്ലാഹു അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ)വാർത്ത അറിയിച്ചു. അപ്പോൾ അവിടുത്തെ കണ്ണുകൾ കണ്ണീർ വാർക്കുകയായിരുന്നു. പറഞ്ഞു: അവസാനം അല്ലാഹുവിന്റെ വാളുകളിൽ ഒന്നായ ഖാലിദ്

ബിൻ വലീദ് പതാകയേന്തി. അങ്ങനെ അല്ലാഹു അവർക്ക് വിജയം നല്കി.

ഹജ്ജത്തുൽ വിദാഅ് കഴിഞ്ഞ് നബി കരീം (സ) മദീനയിൽ തിരിച്ചെത്തിയപ്പോൾ, തെക്കു ഭാഗത്ത് നിന്ന് മദീനക്കാർക്ക് യാതൊരു ശത്രുഭീഷണിയും ഉണ്ടായിരുന്നില്ല. എന്നാൽ വടക്കുഭാഗത്ത് റോമാക്കാരുടെ ഭാഗത്ത് നിന്ന് അപ്പോഴും ഭീഷണി നിലനിന്നിരുന്നു. കാരണം, ആ ക്രിസ്ത്യാനികൾക്ക് അവരുടെ ശക്തിയിൽ വലിയ അഹങ്കാരമുണ്ടായിരുന്നു. അതിനാൽ ഏത് സമയത്തും അവരുടെ ഭാഗത്ത്നിന്ന് ആക്രമണംഉണ്ടാകാൻ സാധ്യത യുണ്ടായിരുന്നു. കൂടാതെ, മൗത്ത യുദ്ധത്തിൽ രക്തസാക്ഷികളായവരുടെ പ്രതിക്രിയ (ഖിസാസ്) അവശേഷിക്കുന്നുണ്ടായിരുന്നു. കാരണം, ആ യുദ്ധത്തിൽ ഖാലിദ് ബിൻ വലീദിന്റെ വൈദഗ്ദ്ധ്യം കാരണമാണ് മുസ്‌ലിം സൈന്യത്തിന് വിജയശ്രീലാളിതനായി മദീനയിലേക്ക് മടങ്ങാൻ കഴിഞ്ഞത്. ഹജ്ജ് കഴിഞ്ഞ് തിരുമേനി (സ) മദീനയിൽ എത്തി അധികം ദിവസങ്ങൾ കഴിഞ്ഞിരുന്നില്ല. ഏതാനും ദിവസങ്ങൾക്കുശേഷം ഉസാമ ബിൻ സൈദിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ സിറിയയിലേക്ക് ആക്രമണത്തിനായി അയയ്ക്കാൻ കല്പിച്ചു.

നബികരീം(സ)ന്റെ വിയോഗത്തിന് രണ്ട് ദിവസം മുമ്പ്, ശനിയാഴ്ച്ചയാണ് ഉസാമയുടെ സൈന്യം തയ്യാറെടുപ്പ് പൂർത്തിയാക്കിയത്. അതിന്റെ ആരംഭം തിരുമേനിയുടെ രോഗത്തിന് മുമ്പുതന്നെ തുടങ്ങിയിരുന്നു. അവിടുന്ന് സഫർ മാസത്തിന്റെ അവസാനത്തിൽ റോമാക്കാരുമായി യുദ്ധം ചെയ്യാനുള്ള ഒരുക്കത്തിന് കല്പിച്ചു. ഉസാമയെ വിളിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: നിന്റെ പിതാവിന്റെ രക്തസാക്ഷിത്വ സ്ഥലത്തേക്ക് നീ യാത്രയാവുക. അവരെ (ശത്രുക്കളെ) കുതിരകളാൽ ചവിട്ടിമെതിക്കുക. ഞാൻ നിന്നെ ഈ സൈന്യത്തിന്റെ അമീർ (സൈന്യാധിപൻ) ആയി നിശ്ചയിച്ചിരിക്കുന്നു.

മറ്റൊരു റിപ്പോർട്ടിൽ വരുന്നത്, നബികരീം (സ) ഇപ്രകാരം പറഞ്ഞു: ബൽഖാഇനെയും ദാറൂമിനെയും കുതിരകളെക്കൊണ്ട് ചവിട്ടിമെതിക്കുക. ബൽഖാഅ് എന്നത് സിറിയയിലെ ഡമാസ്കസിനും വാദിൽ ഖുറാക്കും ഇടയിലുള്ള ഒരു പ്രദേശമാണ്. ദാറൂം എന്നത് ഈജിപ്തിലേക്ക് പോകുമ്പോൾ ഫലസ്തീനിലെ ഗസ്സയ്ക്ക് ശേഷമുള്ള ഒരു സ്ഥലമാണ്. സിറിയയിലേക്ക് പുറപ്പെടാൻ കൽപ്പിച്ചുകൊണ്ട് അവിടുന്ന് ഇപ്രകാരം പറഞ്ഞു: എന്നിട്ട് നേരം വെളുക്കുമ്പോൾ ഉബ്നായിലെ ജനങ്ങളെ ആക്രമിക്കുക. ഉബ്നാഅ് എന്നത് സിറിയയിൽ ബൽഖാഇന് സമീപമുള്ള ഒരു സ്ഥലത്തിന്റെ പേരാണ്. അവിടുന്ന് പറഞ്ഞു: അതിവേഗം സഞ്ചരിക്കുക, അങ്ങനെ അവർക്ക് വിവരം ലഭിക്കുന്നതിന് മുമ്പ് നീ അവിടെയെത്തുക. അല്ലാഹു നിങ്ങൾക്ക് വിജയം നല്കുകയാണെങ്കിൽ, അവിടെ അധികം താമസിക്കാതെ മടങ്ങുക. നിങ്ങളോടൊപ്പം വഴികാട്ടികളെ കൂട്ടുക, വിവരങ്ങൾ ശേഖരിക്കുന്നവരെയും ചാരന്മാരെയും നിങ്ങൾക്ക് മുമ്പേ അയയ്ക്കുക. ഹദ്റത്ത് ഉസാമ (റ) നബികരീം(സ) തന്റെ കൈകൊണ്ട് കെട്ടിയ പതാകയുമേന്തി പുറപ്പെട്ടു. അത് ഹദ്റത്ത് ബുറൈദഃ ബ്നു ഹുസൈബിനെ ഏൽപ്പിച്ചു. ജുർഫ് എന്ന സ്ഥലത്ത് സൈന്യത്തെ ഒരുമിച്ചു കൂട്ടി. ജുർഫ് മദീനയിൽ നിന്ന് മൂന്ന് മൈൽ വടക്ക് ഭാഗത്തുള്ള ഒരു സ്ഥലമാണ്. മുഹാജിറുകളിലെയും അൻസാറുകളിലെയും ആദരണീയരായ ഒരു വ്യക്തി പോലും അവശേഷിച്ചില്ല, എല്ലാവരെയും ഈ യുദ്ധത്തിനായി വിളിച്ചു. അവരിൽ ഹദ്റത്ത് അബൂബക്കർ (റ), ഹദ്റത്ത് ഉമർ (റ), തുടങ്ങിയവരും ഉൾപ്പെട്ടിരുന്നു, എല്ലാവരെയും ഹദ്റത്ത് ഉസാമയുടെ കീഴിലാക്കി.

ചില ആളുകൾക്കിടയിൽ ഇങ്ങനെ അടക്കംപറച്ചിലുണ്ടായി, ഈ ചെറുപ്പക്കാരനെ ആദ്യകാല മുഹാജിറുകൾക്ക് മേൽ അമീർ ആക്കുകയാണല്ലോ. ഇവരിൽ എത്രയോ വലിയ സ്വഹാബികൾ ഉണ്ട്, എന്നിട്ടും ഈ ചെറുപ്പക്കാരനെ അമീറാക്കി. ഇക്കാര്യം റസൂലുല്ലാഹ്(സ) യുടെ അടുക്കൽ എത്തിയപ്പോൾ അവിടുന്ന് കഠിനമായി കോപിച്ചു. അവിടുന്ന് മിമ്പറിൽ കയറി ഹദ്റത്ത് ഉസാമയെയും അദ്ദേഹത്തിന്റെ പിതാവിനെയും പ്രശംസിച്ചുകൊണ്ട് സംസാരിച്ചു.

റസൂലുല്ലാഹ് (സ) യുടെ രോഗം മൂർച്ഛിച്ചു, എന്നിട്ടും അവിടുന്ന് ഉസാമയുടെ സൈന്യത്തെ

അയക്കുന്നതിന് ഊന്നൽ നല്കിക്കൊണ്ടിരുന്നു: ഞായറാഴ്ച റസൂലുല്ലാഹ്(സ) യുടെ വേദനയുടെ കാഠിന്യം വർദ്ധിച്ചു. ഹദ്റത്ത് ഉസാമ(റ) സൈന്യത്തിൽ നിന്ന് തിരിച്ചു വന്നപ്പോൾ അവിടുത്തേക്ക് സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അവിടുന്ന് തന്റെ രണ്ട് കൈകളും ആകാശത്തേക്ക് ഉയർത്തുകയും ഹദ്റത്ത് ഉസാമയുടെ തലയിൽ വയ്ക്കുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് ഉസാമ (റ) പറയുന്നു: അവിടുന്ന് എനിക്കുവേണ്ടി പ്രാർഥിക്കുകയാണെന്ന് എനിക്കു തോന്നി.

ഹദ്റത്ത് ഉസാമ (റ) സൈന്യത്തിലേക്ക് തിരിച്ചുപോയി. തിങ്കളാഴ്ച ഹദ്റത്ത് ഉസാമ (റ)വീണ്ടും റസൂൽകരീം(സ) യുടെ അടുക്കൽ വന്നപ്പോൾ, അവിടുത്തേക്ക് രോഗം ശമിച്ചിരുന്നു. അവിടുന്ന് ഉസാമയോട് പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നീ യാത്രയാകുക. ഹദ്റത്ത് ഉസാമ (റ) റസൂൽ കരീം(സ) യോട് വിടചൊല്ലി തന്റെ സൈന്യത്തിലേക്ക് പോകുകയും ആളുകളോട് യാത്ര തുടങ്ങാൻ കൽപ്പിക്കുകയും ചെയ്തു. അവിടുന്ന് യാത്ര പുറപ്പെടാൻ തുടങ്ങിയപ്പോഴാണ് റസൂൽ കരീം (സ) യുടെ അവസാന നിമിഷങ്ങൾ അടുക്കാറായിരിക്കുന്നുവെന്ന സന്ദേശം ലഭിച്ചത്.

ഇതുകേട്ട് ഹദ്റത്ത് ഉസാമ (റ) റസൂലുല്ലാഹി (സ) യുടെ അടുക്കൽ ഹാജരായി, ഹദ്റത്ത് ഉമറും(റ) ഹദ്റത്ത് അബൂ ഉബൈദയും (റ) അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. അവിടുന്ന് ഊർദ്ദശ്വാസം വലിക്കുകയായിരുന്നു. താമസിയാതെ അവിടുന്ന് വഫാത്തായി.

ഹദ്റത്ത് ഉസാമയുടെ സൈന്യം ഹദ്റത്ത് അബൂബക്കർ (റ) ബൈഅത്ത് സ്വീകരിച്ച ശേഷം യാത്രയായി. ഈ സൈന്യത്തിന്റെ അംഗബലം മൂവായിരം ആയിരുന്നുവെന്ന് പറയപ്പെടുന്നു. അതിൽ ആയിരം അശ്വഭടന്മാർ ഉണ്ടായിരുന്നു. ഈ സൈന്യം നബികരീം(സ) പ്രവചിച്ചതുപോലെ വിജയശ്രീലാളിതരായി തിരിച്ചു വന്നു. ശത്രുക്കൾ ഒന്നൊഴിയാതെ വധിക്കപ്പെട്ടുകയോ ബന്ദിയാക്കപ്പെട്ടുകയോ ചെയ്തു. ഈ യുദ്ധത്തിൽ ഒരു മുസ്ലിമിനും ജീവാപായം സംഭവിച്ചില്ല.

ഇതോടെ ഗസ്‌വകളുടെ വിവരണം അവസാനിച്ചു. ഇൻശാ അല്ലാഹ്, ഇനി സീറത്തിന്റെ (നബിചരിത്രം) മറ്റു ചില വശങ്ങൾ നോക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് അസീസ് റഹ്മാൻ ഖാലിദ് സാഹിബ്, ഐദ്രി ഹുമൈദി സാഹിബ് എന്നീ രണ്ട് മർഹൂമീങ്ങളെ അനുസ്മരിക്കുകയും അവരുടെ മഗ്ഫിറത്തിനും ഉന്നതപദവിക്കും വേണ്ടി ദുആ ചെയ്യുകയും ചെയ്തു. നമസ്ക്കാരാനന്തരം ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ് എന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 05.12.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY AMNAS PK
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516